**പുതുഞായർ**

**യോഹ 20:19-29**

**കണ്ടു വിശ്വസിച്ച ശിഷ്യരും കാണാതെ വിശ്വസിക്കുന്ന നമ്മളും**

റവ. ഡോ. ഗ്ലാഡിസ് സിഎംസി

യോഹന്നാൻ സുവിശേഷത്തിൽ ഉത്ഥിതനായ യേശു ശിഷ്യർക്കായൊരുക്കുന്ന ഒന്നാമത്തെയും രണ്ടാമത്തെയും കൂടിക്കാഴ്ചയാണ് യോഹ. 20:19-29 പ്രതിപാദിക്കുന്നത്. ഉയിർപ്പ് തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയിലെ (പുതുഞായർ) വചനഭാഗമാണല്ലോ ഇത്. നമ്മുടെ പിതാവായ മാർതോമാശ്ലീഹായ്ക്ക് ലഭിച്ച സവിശേഷ ഉത്ഥിത യേശുദർശനമാണ് ഇതിലെ ഒരു പ്രധാന ഭാഗം.

യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള ഏറ്റവും പഴക്കമുള്ള പുതിയ നിയമ പ്രതിപാദ്യമായ 1 കോറി 15:1-8-ൽ വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതു പോലെ യേശു ഉയിർത്തെഴുന്നേറ്റു. എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അക്കാലഘട്ടത്തിലെ യഹൂദരുടെ വിശുദ്ധ ലിഖിതങ്ങൾ എന്നത് പഴയ നിയമ ഭാഗങ്ങളാണല്ലോ. എന്നിരുന്നാലും പഴയ നിയമ ഗ്രന്ഥങ്ങളിലൊന്നും യേശുവിന്റെ ഉത്ഥാനം പ്രതിപാദ്യവിഷമായിരുന്നതായി നാം കാണുന്നില്ല. എന്നാൽ മിശിഹായിലൂടെ സംജാതമാകുന്ന വിമോചനത്തിന്റെ സവിശേഷതകൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. പിന്നീട് പുതിയ നിയമ ഗ്രന്ഥങ്ങളായ സുവിശേഷങ്ങൾ യേശുവിന്റെ പീഡാനുഭവ ഉത്ഥാന പ്രവചനങ്ങളായി പല പ്രാവശ്യം രേഖപ്പെടുത്തുന്നുമുണ്ട്.

ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ മഗ്ദലേനമറിയം ശൂന്യമായി തുറക്കപ്പെട്ട യേശുവിന്റെ കല്ലറ കാണുകയും ശിഷ്യരെ ഇക്കാര്യം അറിയിക്കുകയും ശിഷ്യരിൽ 2 പേർ കല്ലറയിലെത്തി അപ്രകാരം കാണുകയും തിരിച്ചു പോവുകയും ചെയ്യുന്നു. എന്നിരുന്നാലും, വീണ്ടും യേശുവിന്റെ ശരീരം തിരക്കുന്ന മറിയത്തിന് യേശു തന്റെ ആദ്യ ഉത്ഥാനദർശനം നല്കുകയും, ഈ വിവരം ശിഷ്യരെ അറിയിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് വരുന്നതാണ് ഇന്നത്തെ വചനഭാഗം. മഗ്ദലേനമറിയം ഉത്ഥിതനായ യേശുവിനെ കണ്ടിട്ട് വിശ്വാസം വന്നിട്ടാണ് ശിഷ്യരുടെ അരികിലെത്തുന്നത്. അവൾ വന്ന് ഉത്ഥിതനായ യേശുവിനെ കുറിച്ച് പറഞ്ഞിട്ടും അത് ശിഷ്യരിൽ ഒരു മാറ്റവും ഉളവാക്കിയില്ലെന്ന് വചനം പറയുന്നു. അവർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കുമ്പോഴാണ് അന്നേദിവസം വൈകുന്നേരം ഉത്ഥിതനായ യേശു അവരുടെ അടുത്തുവന്ന് തെളിവുകൾ സഹിതം കാണിച്ചു കൊടുക്കുന്നത്. കൈകളും, പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് അവർ സന്തോഷിച്ചു. ഉത്ഥിതനായ യേശുവിനെ കണ്ട് വിശ്വസിച്ച് ഭയപ്പാടുകൾ സന്തോഷമായി മാറിയ ശിഷ്യന്മാർ. എന്നാൽ തോമാശ്ലീഹ മാത്രം അവിടെ ഉണ്ടായിരുന്നില്ല. യേശു വന്നതും കൈകളും പാർശ്വവും കാണിച്ചു കൊടുത്തതും തീർച്ചയായും ശിഷ്യർ പത്രോസിനെ അറിയിച്ചു കാണും. തോമസും ഉത്ഥിതനായ യേശുവിന്റെ കൈകളും പാർശ്വവും തനിക്ക് കാണണമെന്നും അവയിൽ വിരലിടണമെന്നും എന്നിട്ടേ വിശ്വസിക്കൂ എന്നും തീർത്ത് പറയുന്നു. വീണ്ടും ഒരാഴ്ചയ്ക്കു ശേഷം തോമസും കൂടെയുള്ളപ്പോൾ യേശു അവർക്ക് പ്രത്യക്ഷപ്പെടുന്നു. യേശു തോമാശ്ലീഹായുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നു. തോമസും കണ്ടതേയുള്ളൂ, തൊട്ട് നോക്കിയതായി വചനം സാക്ഷ്യപ്പെടുത്തുന്നില്ല. തോമാശ്ലീഹായും കണ്ടതിനുശേഷം വിശ്വാസം ഏറ്റുപറയുന്നു. ഇവിടെ പ്രസക്തമായ ചോദ്യം ഇവരുടെയിടയിൽ കാണാതെ വിശ്വസിച്ചവർ ആരെങ്കിലുമുണ്ടോ എന്നതാണ്. മഗ്ദലേനമറിയവും മറ്റു ശിഷ്യരും തോമാശ്ലീഹായും - എല്ലാവരും കണ്ടതിനുശേഷം തന്നെയാണ് വിശ്വസിച്ചതെന്ന് വചനം വ്യക്തമാക്കുന്നു.

യേശുവിന്റെ ശിഷ്യർ മനുഷ്യാവതാരം ചെയ്ത യേശുവിനെയും ഉത്ഥാനം ചെയ്ത യേശുവിനെയും കണ്ട് അടുത്തിടപഴകി വിശ്വാസത്തിലെത്തിയവരാണല്ലോ. ഇത് വലിയ ഭാഗ്യമാണെന്ന് നാം ധരിച്ചേക്കാം. എന്നാൽ യേശു പറയുന്നു: കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. ഇതാണ് ലോകത്തിന്റെ ലോജിക്കിന് വിരുദ്ധമായ ക്രിസ്തുശൈലി. ലോകം

ഭാഗ്യമെന്ന് കരുതുന്നവയെ ഭാഗ്യമെന്ന് മനസ്സിലാക്കി പുറകെ പോകുന്നവനല്ല ക്രിസ്ത്യാനി. മറിച്ച്, ക്രിസ്തു ഭാഗ്യങ്ങളായി പഠിപ്പിച്ചവയെ സൗഭാഗ്യങ്ങളായി സ്വീകരിക്കുന്നവരാണ്.

മത്തായി സുവിശേഷത്തിൽ എട്ടു ഭാഗ്യങ്ങൾ യേശു വിശദീകരിക്കുന്നുണ്ടല്ലോ (മത്താ 5:1–12). സുവിശേഷാഹ്വാനങ്ങളെ ഭാഗ്യമായി സ്വീകരിക്കുവാനും വിശ്വസിക്കാനും കഴിയേണ്ടതിന്, തനിക്ക് തന്നെ മരിച്ച് യേശുവിന്റെ ഉത്ഥാനത്തിലേയ്ക്കെത്തുവാനാണ് ഈ വചനഭാഗം നമ്മെ ആഹ്വാനം ചെയ്യുക.

യേശുശിഷ്യരുടെ പിന്നീടുള്ള ജീവിതം പിൻതലമുറയ്ക്ക് ഈ പാഠമല്ലേ പ്രദാനം ചെയ്തത്? ക്രിസ്തു നയിച്ചിടത്തേയ്ക്ക് നീങ്ങി നമ്മുടെ വിശ്വാസത്തിന്റെ പിതാവായി രക്തസാക്ഷിയായ തോമാശ്ലീഹായുടെ ജീവിതം അദ്ദേഹം ഏറ്റുപറഞ്ഞ വിശ്വാസപ്രമാണമായിരുന്നു. അക്കാലഘട്ടത്തിൽ ചക്രവർത്തിമാരോട് സമ്പൂർണ വിധേയത്വം പ്രഖ്യാപിക്കുന്ന ശൈലിയാണ് തോമാശ്ലീഹാ ക്രിസ്തു വിശ്വാസം പ്രഖ്യാപിച്ചപ്പോൾ ഉപയോഗിച്ച ഫോർമുല: എന്റെ കർത്താവേ, എന്റെ ദൈവമേ.

എന്റെയും എനിക്കുള്ളവയുടെയും അധിപൻ ദൈവമാണെന്ന് ഏറ്റുപറയുന്നതാണ് മാർതോമ ക്രിസ്ത്യാനിയുടെ യഥാർത്ഥ ചൈതന്യമെന്ന് ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു.